പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5566 28.07.2015 - ൽ മറുപടിയ്ക്ക്

## ശ്രുതിമാധുരം

ചോദ്യം — ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ഉത്തരം — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ലഭ്യമായവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;</td><td>(എ)</td><td>ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>ക്രമ നമ്പർ</th><th>ജില്ല</th><th>ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>1.</td><td>തിരുവനന്തപുരം</td><td>41</td></tr>
<tr><td>2.</td><td>കൊല്ലം</td><td>34</td></tr>
<tr><td>3.</td><td>ആലപ്പുഴ</td><td>25</td></tr>
<tr><td>4.</td><td>പത്തനംതിട്ട</td><td>9</td></tr>
<tr><td>5.</td><td>കോട്ടയം</td><td>31</td></tr>
<tr><td>6.</td><td>ഇടുക്കി</td><td>15</td></tr>
<tr><td>7.</td><td>എറണാകുളം</td><td>43</td></tr>
<tr><td>8.</td><td>തൃശ്ശൂർ</td><td>41</td></tr>
<tr><td>9.</td><td>പാലക്കാട്</td><td>35</td></tr>
<tr><td>10.</td><td>കോഴിക്കോട്</td><td>46</td></tr>
<tr><td>11.</td><td>കണ്ണൂർ</td><td>51</td></tr>
<tr><td>12.</td><td>മലപ്പുറം</td><td>61</td></tr>
<tr><td>13.</td><td>വയനാട്</td><td>9</td></tr>
<tr><td>14.</td><td>കാസർഗോഡ്</td><td>20</td></tr>
<tr><td colspan="2">ആകെ</td><td>461</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഈ പദ്ധതിക്കായി ഇതു വരെ എത്ര തുക വിനിയോഗിച്ചെന്ന് വിശദമാക്കാമോ ;</td><td>(ബി)</td><td>2012-13 സാമ്പത്തിക വർഷം 6,77,09,759/- രൂപയും 2013-14 സാമ്പത്തിക വർഷം 10,00,02,706/- രൂപയും 2015-16 സാമ്പത്തിക വർഷം 6,31,51,933/- രൂപയും ചെലവഴിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>സാമൂഹ്യസുരക്ഷാമിഷൻ മുഖേന ഭിന്നശേഷിയുള്ളവർക്കായി നൽകുന്ന ചികിത്സ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?</td><td>(സി)</td><td>(1) കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ഭിന്നശേഷിയുള്ളവർക്ക് മാത്രമായി നൽകുന്ന ചികിത്സ പദ്ധതിയാണ് ശ്രുതിതരംഗം പദ്ധതി. ഈ പദ്ധതി പ്രകാരം 5 വയസ്സുവരെ പ്രായമുള്ള ബധിരരും മൂകരുമായ കുട്ടികൾക്ക്</td></tr>
</table>

| | | | |
|---|---|---|---|
| | | | കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തി രണ്ട് വർഷം നീണ്ട് നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കേൾവി ശേഷിയും സംസാര ശേഷിയും തിരികെ ലഭ്യമാക്കുന്നു.<br><br>(2) 18 വയസ്സുവരെ പ്രായമുള്ള മാരകരോഗങ്ങൾ ബാധിച്ച കുട്ടികൾക്ക് സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന സൗജന്യ ചികിത്സ ലഭ്യമാക്കുന്ന താലോലം പദ്ധതിയിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കും അർഹതാ മാനദണ്ഡങ്ങൾ പ്രകാരം ചികിത്സ നൽകുന്നുണ്ട്.<br><br>(3) 18 വയസ്സുവരെ പ്രായമുള്ള ക്യാൻസർ രോഗബാധിതരായ കുട്ടികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികൾ മുഖേന സൗജന്യ ചികിത്സ ലഭ്യമാക്കുന്ന 'ക്യാൻസർ സുരക്ഷാ ' പദ്ധതിയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കും അർഹതാ മാനദണ്ഡങ്ങൾ പ്രകാരം ചികിത്സ ലഭ്യമാക്കുന്നു.<br>(4) സംസ്ഥാനത്തെ തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികളിലും എല്ലാ കോർപ്പറേഷനുകളിലും നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായി നടത്തുന്ന മൊബൈൽ ക്ലിനിക്കുകളിൽ 65-ന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് സൗജന്യ ചികിത്സ നൽകുന്നതിൽ ഭിന്നശേഷിയുള്ള മുതിർന്ന പൗരന്മാരും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ